9. ശ്രീ. കെ. രാമചന്ദ്രക്കുറുപ്പ്, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (ഗതാഗത വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

10. ശ്രീ. കോര പി. തോമസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

11. ശ്രീമതി. കെ. വിജയലക്ഷ്മി, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (കൃഷിയും കയറും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

12. ശ്രീ. ഡി. കൃഷ്ണൻ നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ് (സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

(ഇ) ഇല്ല.

(എഫ്-ജെ) ചോദ്യം ഉദിക്കുന്നില്ല.

സെക്രട്ടേറിയറ്റിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

13 (4448) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിന് മറ്റുജില്ലകളിൽ ബ്രാഞ്ചുകളില്ലെന്ന കാരണത്താൽ ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് മുൻഗണന ഉണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലേക്കാണെന്ന് വിശദീകരിക്കാമോ ;

(ഡി) പി.എസ്.സി.യുടെ ജില്ലാ ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ച സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് എത്ര ശതമാനം ഒഴിവുകൾ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവർക്ക് എല്ലാ വകുപ്പുകളിലേക്കും അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് സത്വരനടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സെക്രട്ടേറിയറ്റിൽ നിയമനം ലഭിച്ചശേഷം ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഓപ്റ്റ് ചെയ്ത് ജില്ലയിൽ, വേക്കൻസിയുടെ ലഭ്യത അനുസരിച്ച്, അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നതിനായി മുൻഗണന നൽകുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥലംമാറ്റത്തിന് വകുപ്പുതല മുൻഗണനയൊന്നും നൽകുന്നില്ല.

(ഡി) ഒരു ജില്ലയിൽ ഒരു വർഷമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റംവഴി നികത്താവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഓപ്റ്റ് ചെയ്ത ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് പ്രത്യേക ശതമാനമൊന്നും നിശ്ചയിച്ചിട്ടില്ല.

(ഇ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെട്ട്, ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുതലവൻമാർക്ക് അയച്ചുകൊടുക്കുകയും ടി വകുപ്പുകളിലുള്ള വേക്കൻസിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിക്കുകയുമാണ് ചെയ്തു വരുന്നത്.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ

14 (4449) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.ക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനെതിരെ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തിനാണ് റിട്ട് ഫയൽ ചെയ്തതെന്ന് വിശദമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി.(വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിൽ നിന്നും 16-1-2002-ന് ശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവില്ലാതെ എത്ര എൽ.ഡി.സി. നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എൽ.ഡി.സി. (വിവിധ വകുപ്പുകൾ) തിരുവനന്തപുരം ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ താല്ക്കാലിക നിയമനങ്ങൾ പാടില്ലെന്നുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അധിക ജീവനക്കാരുടെ പുനർവിന്യാസം പൂർത്തിയാക്കാൻ സമയം ലഭിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly